സ്പന്ദനം
ശാരോൻ റൈറ്റേഴ്സ് ഫോറം പ്രസിദ്ധീകരണം

Vol - 10 Issue -10 Page 4 OCTOBER 2026 PRIVATE CIRCULATION ONLY

ശാരോൻ ഫെലോഷിപ്പ് ചർച്ച് പുതിയ ഭരണ സമിതിയും സബ് കമ്മിറ്റികളും ചുമതലയേറ്റു

തിരുവല്ല: ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ പുതിയ ഭരണ സമിതി നിലവിൽ വന്നു. ജനറൽ പ്രസിഡന്റ് : പാസ്റ്റർ വി.ജെ തോമസ്, വൈസ് പ്രസിഡന്റ് : പാസ്റ്റർ എം.ഡി. ശാമുവേൽ, പാസ്റ്റർ റോയി ചെറിയാൻ, മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ജോൺ വി ജേക്കമ്പ് , മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ പി. വി ചെറിയാൻ, മാനേജിംഗ് കൗൺസിൽ സെക്രട്ടറിമാർ: പാസ്റ്റർ സാം. വി. ജേക്കബ്, പാസ്റ്റർ ജോസ് ജോസഫ്, മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറിമാർ: പാസ്റ്റർ റ്റി.സി. ചെറിയാൻ, പാസ്റ്റർ കെ. വി ഡാനിയേൽകുട്ടി, ട്രഷറർ: ബ്രദർ ജേക്കബ് വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി: ബ്രദർ ബാബു ജോർജ്ജ്, ഓഫീസ് സെക്രട്ടറി: ബ്രദർ തങ്കച്ചൻ . കെ, എന്നിവരാണ്. വിവിധ വിഭാഗങ്ങൾക്ക് ചുമതല വഹിക്കുവാൻ മാനേജിംഗ് കൗൺസിൽ യോഗം ചേർന്ന് സബ് കമ്മിറ്റികൾ രൂപീകരിച്ചു.

മാനേജിംഗ് കൗൺസിൽ അംഗങ്ങളായി 21 പേരെയും തിരഞ്ഞെടുത്തു. മിനിസ്റ്റേഴ്സ് കൗൺസിൽ, അഡ്വൈസറി കൗൺസിൽ, ഫിനാൻസ് കമ്മിറ്റി,ബിൽഡിംഗ് കമ്മിറ്റി, മിനിസ്റ്റേഴ്സ് കൗൺസിൽ സബ് കമ്മിറ്റി, മാനേജിങ് കൗൺസിൽ സബ് കമ്മിറ്റി, ചിൽഡ്രൻസ് ഹോം , വെൽഫെയർ ബോർഡ്, ലീഗൽ അഫയേഴ്സ് എന്നിവയ്ക്കാണ് സബ് കമ്മിറ്റികൾ തിരഞ്ഞെടുത്തത്.

മിനിസ്റ്റേഴ്സ് കൗൺസിൽ:- മാനേജിംഗ് കൗൺസിൽ അംഗങ്ങളായ പാസ്റ്റർമാർ, റീജിയൻ/സെൻറർ ശുശ്രൂഷകന്മാർ എന്നിവരാണ് മിനിസ്റ്റേഴ്സ് കൗൺസിൽ അംഗങ്ങൾ. പാസ്റ്റർ കെ. ജെ. തോമസ് കുമളി, പാസ്റ്റർ എം. ഡി. ശാമുവേൽ, പാസ്റ്റർ റോയ് ചെറിയാൻ, പാസ്റ്റർ ജോൺ വി. ജേക്കബ്, പാസ്റ്റർ പി. വി. ചെറിയാൻ, പാസ്റ്റർ ജോസ് ജോസഫ്, പാസ്റ്റർ സാം കെ. ജേക്കബ്, പാസ്റ്റർ കെ. വി. ഡാനിയേൽക്കുട്ടി, പാസ്റ്റർ പി. സി. ചെറിയാൻ തുടങ്ങിയവർ വിവിധ യോഗങ്ങളിൽ ശുശ്രൂഷിക്കും.

ബൈബിൾ സ്റ്റഡി, ധ്യാനയോഗങ്ങൾ, മിഷൻ സമ്മേളനം, പാസ്റ്റേഴ്സ് കോൺഫറൻസ്, കാത്തിരിപ്പ് യോഗം, ക്രിസ്തീയ യുവജന പ്രസ്ഥാനമായ സി.ഇ.എം. സൺഡേസ്കൂൾ സമ്മേളനങ്ങൾ, ഇവാഞ്ചലിം ബോർഡ്, റൈറ്റേഴ്സ് ഫോറം സമ്മേളനങ്ങൾ, വനിതാ സമാജം മീറ്റിംഗ്, സുവിശേഷ മഹായോഗം, കർത്തൃമേശ തുടങ്ങിയ വിവിധ ശുശ്രൂഷകൾ കൺവൻഷന്റെ ഭാഗമായി നടക്കും.

അഡ്വൈസറി കൗൺസിൽ:- പാസ്റ്റർ ജോൺസൻ കെ ശമുവേൽ (ചെയർമാൻ), പാസ്റ്റർ ജേക്കബ് ജോർജ് (വൈസ് ചെയർമാൻ), ബ്രദർ രാജൻ ഈശോ, അഡ്വ. ദിലീപ് മത്തായി, പാസ്റ്റർ വി എം ജേക്കബ്.

ഫിനാൻസ് കമ്മിറ്റി:- പാസ്റ്റർ വി ജെ തോമസ്, പാസ്റ്റർ ജോൺ വി ജേക്കബ്, പാസ്റ്റർ പി വി ചെറിയാൻ,ബ്രദർ ജേക്കബ് വർഗ്ഗീസ്, ബ്രദർ കുഞ്ഞച്ചൻ വർഗ്ഗീസ്. ബിൽഡിംഗ് കമ്മിറ്റി:- ബ്രദർ എബ്രഹാം വർഗ്ഗീസ്, ബ്രദർ സി ജോൺസൻ. മിനിസ്റ്റേഴ്സ് കൗൺസിൽ സബ് കമ്മിറ്റി:- പാസ്റ്റർ റ്റി എം ഫിലിപ്പ് (ചെയർമാൻ), പാസ്റ്റർ എബ്രഹാം തോമസ് (സെക്രട്ടറി), പാസ്റ്റർ പി എ ചാക്കോച്ചൻ, പാസ്റ്റർ ഈശോ മാത്യു, പാസ്റ്റർ സാം റ്റി. മുഖത്തല.

മാനേജിംഗ് കൗൺസിൽ സബ് കമ്മിറ്റി:- പാസ്റ്റർ വി ജെ തോമസ്, പാസ്റ്റർ ജോൺ വി ജേക്കബ്, പാസ്റ്റർ പി വി ചെറിയാൻ, പാസ്റ്റർ റോയ് ചെറിയാൻ, പാസ്റ്റർ എം ഡി സാമുവേൽ.

ചിൽഡ്രൻസ് ഹോം:- ബ്രദർ ജേക്കബ് വർഗ്ഗീസ് (ചെയർമാൻ), ബ്രദർ റ്റി തങ്കച്ചൻ (വൈസ് ചെയർമാൻ), പാസ്റ്റർ ജോമോൻ ജോസഫ് (മാനേജർ), പാസ്റ്റർ തേജസ് പി തോമസ്.

വെൽഫെയർ ബോർഡ്:- പാസ്റ്റർ ജോസ് ജോസഫ് (ചെയർമാൻ), പാസ്റ്റർ കെ വി ദാനിയേൽകുട്ടി (വൈസ് ചെയർമാൻ), പാസ്റ്റർ അനിൽ കെ കോശി(സെക്രട്ടറി), പാസ്റ്റർ വിൽസൻ പി ജോർജ്, ബ്രദർ ഫിന്നി ജെയിംസ്. ലീഗൽ അഫയേഴ്സ്:- ബ്രദർ ജേക്കബ് ജോൺ, ബ്രദർ അജി പി.

ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ ഡിസംബർ 2 മുതൽ 6 വരെ

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ 2026 ഡിസംബർ 2 മുതൽ 6 വരെ തിരുവല്ല ശാരോൻ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ശാരോൻ ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ വി. ജെ. തോമസ് ഉദ്ഘാടനം നിർവഹിക്കുന്ന ആത്മീയ സമ്മേളനത്തിൽ അനുഗ്രഹീതരായ ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും.



ബൈബിൾ കയ്യെഴുത്തുപ്രതിയുമായി ബഹറിൻ ശാരോൻ



മനാമ: നാൽപ്പതാം വാർഷികം ആഘോഷിച്ച ബഹറിൻ ശാരോൻ സഭ തയ്യാറാക്കിയ പുതിയ നിയമത്തിന്റെ കയ്യെഴുത്തു പ്രതി കാഴ്ചക്കാരിൽ കൗതുകം ഉണർത്തുന്നു. സഭാശുശ്രൂഷകന്റെ ആഹ്വാനം അനുസരിച്ചു 87 പേരാണ് ഈ ഉദ്യമത്തിൽ പങ്കാളികളായത്. മത്തായി മുതൽ വെളിപ്പാട് വരെയുള്ള 27 പുസ്തകങ്ങളിലെ 260 അധ്യായങ്ങളും 7958 വാക്യങ്ങളും പ്രത്യേക ക്രമത്തിൽ വിഭജിച്ച് ലഭിച്ചത് ഓരോ അംഗങ്ങളും ചടുലതയോടെ എഴുതി. 2026 മെയ് മുതൽ ആഗസ്റ്റ് 31 വരെ 120 ദിവസങ്ങളായിരുന്നു എഴുതി നൽകുന്നതിനുള്ള കാലപരിധി.

ഒരു പുറം മാത്രമായി 24 ലൈനുകൾ ഉള്ള പ്രത്യേകമായി അച്ചടിച്ചു തയാറാക്കിയ 2500 A4 സൈസ് പേപ്പറുകളിൽ 1163 പേജുകളിലായാണ് എഴുതി പൂർത്തീകരിച്ചത്. പ്രവാസ ജീവിതത്തിൽ പകലന്തിയോളം പടവെട്ടിയതിന് ശേഷം വൈകിലഭിക്കുന്ന തുച്ഛമായ സമയം വേദപുസ്തക പകർത്തിയെഴുതിനായി കണ്ടെത്തിയപ്പോൾ പലർക്കും പല പ്രാവശ്യം തിരുത്തിയെഴുത്ത് ആവശ്യമായി വന്നു.

സഭാംഗങ്ങളായ സഹോദരീ-സഹോദരന്മാർ തന്നെ രൂപകൽപ്പനയ്ക്കും തുന്നിക്കെട്ടിനും പുറംചട്ട നിർമ്മാണത്തിനും തയ്യാറായപ്പോൾ അതുല്യമായ ഒരു പുതിയ നിയമ കയ്യെഴുത്ത് പ്രതി തയ്യാറായി. 7.9 കിലോഗ്രാം തൂക്കമുള്ള ഗ്രന്ഥത്തിന് 16 സെന്റിമീറ്റർ ഉയരമുണ്ട്.

സഭയുടെ വാർഷിക ദിനമായ ഒക്ടോബർ 15 ന് നടന്ന സ്തോത്ര ശുശ്രൂഷയിൽവെച്ച്, ഈ ഉദ്യമത്തിൽ പങ്കാളികളായ കുഞ്ഞുങ്ങളായ ഇവാന ബോവാസ് (11), ജെസീയേൽ ജോസ് തോമസ് (12), ഷോൺ സൈജു ഡാനിയേൽ (13) എന്നിവർ ചേർന്ന് ബൈബിൾ പ്രകാശനം ചെയ്തു. സഭയുടെ സ്ഥാപകാംഗവും മുൻ സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ പി. സി. ചാണ്ടി അതിഥിയായിരുന്നു.

“ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു‘ (വെളിപ്പാടു 1:3) എന്ന വചനം, വേദവചനങ്ങൾ നൽകുന്ന ഭാഗ്യാവസ്ഥ വെളിപ്പെടുത്തുമ്പോൾ, പകർത്തിയെഴുതുന്നത് എത്രയോ ധാന്യമാണ് എന്നോർത്ത് ദൈവജനം സന്തോഷിക്കുന്നു.

എഡിറ്റോറിയൽ



നന്മയ്ക്കായുള്ള ദൈവിക നിരൂപണങ്ങൾ

ടൈറ്റസ് ജോൺസൺ

'നിങ്ങൾ പ്രത്യാശിക്കുന്ന ശുഭ ഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു' (യിരെമ്യാവു 29:11).

ഏദനിൽ പാപം സംഭവിച്ചപ്പോൾ മുതൽ മനുഷ്യൻ പ്രവാസത്തിലാണ്. പാപത്തിന്റെ അടിമത്തം എന്ന പ്രവാസം. അതിക്രമങ്ങളാലും പാപത്താലും മരിച്ച അവസ്ഥ. ഇങ്ങനെ പ്രവാസത്തിലായ മനുഷ്യൻ പ്രത്യാശിക്കേണ്ടത് ജീവന്റെ ശുഭഭാവിയാണ്. അത് ക്രിസ്തുവിലൂടെ മാത്രം ലഭ്യമാണ്. അതിനു നിഴലായാണ് യിരെമ്യാവിന്റെ ഈ പ്രവചനം.


പ്രവാസ ജീവിതത്തിലേക്ക് പോയ ദൈവജനത്തോട് യിരെമ്യാവ് പറയുന്ന ഈ സന്ദേശത്തിൽ പ്രതീക്ഷയും പ്രത്യാശയുമുണ്ട്. തൊട്ട് മുൻപിലുള്ള വാക്യത്തിൽ 70 വർഷങ്ങൾ കഴിയുമ്പോൾ ബാബേൽ പ്രവാസം അവസാനിപ്പിച്ചു സ്വദേശത്തിന്റെ നന്മയിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള മടക്കയാത്രയുടെ വാഗ്ദാനമുണ്ട്. യോബേൽ സംവത്സരത്തിന് ശേഷം ഉന്മേഷവും ചൈതന്യവും സമാധാനവും മടക്കിലഭിക്കുന്ന വേദപുസ്തക കാലഗണനയാണ് എഴുപതാം വർഷം!

നാല് മുതലുള്ള വാക്യങ്ങൾ വായിച്ചാൽ പ്രവാസ ജീവിതത്തിൽ പ്രതീക്ഷ നൽകുന്ന മൂന്ന് ദൈവിക നിർദ്ദേശങ്ങൾ കാണാം. ഒന്ന്, നിങ്ങൾ ചെല്ലുന്ന ദേശത്ത് വീടുകൾ പണിയുക, തോട്ടങ്ങൾ ഉണ്ടാക്കി ഫലങ്ങൾ അനുഭവിക്കുക, തലമുറകളുടെ ഭാവിയെ ശോഭനമാക്കുക. രണ്ട്, ചെന്ന് പാർക്കുന്ന ദേശത്തിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുക. മൂന്ന്, കപട ആലോചനകൾക്കെതിരെ ജാഗ്രതയോടിരിക്കുക. ഇവയുടെ പിന്തുടർച്ചയായാണ് പ്രത്യാശിക്കുന്ന ശുഭ ഭാവിയുടെ വാഗ്ദാനം.

എന്നത്തേക്കാളും കലാപ കലുഷിതമാണ് നമ്മുടെ ചുറ്റുപാടുകൾ. മനുഷ്യ മനസ്സുകളുടെ വൈകല്യങ്ങൾ കുടുംബാതിർത്തികളെ മാത്രമല്ല, രാജ്യാതിർത്തികൾ വരെ അരക്ഷിതമാക്കുന്നു. തങ്ങൾ ചെയ്യുന്നത് തെറ്റാണ് എന്ന് മനസ്സിലാക്കുന്നതിനുള്ള ധാർമ്മിക ബോധത്തിന്റെ അതിരുകൾ മാഞ്ഞുപോയ കാലം. ക്രിസ്തീയ ആത്മീയ ലോകവും വ്യത്യസ്തമല്ല. ക്രിസ്തുവചനങ്ങൾക്കും സ്വഭാവ ശുദ്ധിക്കും വില നൽകാത്ത കാലം!

നമുക്ക് ഉണർന്ന് പ്രാർത്ഥിക്കാം. ഈ പ്രവാസകാല വിരാമത്തിനായി ദൈവത്തോട് കെഞ്ചി അപേക്ഷിക്കാം. കാന്തൻ വരാറായി...

ക്രിസ്തുവിന്റെ സന്തോഷം



ലിജോ സ്കറിയ ജോൺ

യേശുവിന്റെ സന്തോഷം മായാത്ത പ്രത്യാശയുടെയും ആനന്ദത്തിന്റെയും ഉറവിടമാണ്.

ജീവിതത്തിന്റെ തിരക്കുകൾക്കും സൗഹൃദങ്ങളുടെ ഊഷ്മളതകൾക്കുമിടയിൽ നാം പലപ്പോഴും പലവിധ സന്തോഷങ്ങൾ തേടുന്നുണ്ട് എന്നാൽ സാഹചര്യങ്ങളുടെ മാറ്റത്തിനുസരിച്ച് പൊട്ടന്ന് മാഞ്ഞു പോകുന്ന ഈ ലൗകിക സന്തോഷങ്ങൾക്കിടയിൽ ഒരിക്കലും വാറ്റാത്ത ഒരു ദിവ്യാനുഭൂതിയെക്കുറിച്ചാണ് വചനം നമോട് സംസരിക്കുന്നത്. അതാണ് യേശുവിന്റെ സന്തോഷം ഇത് വെറുമൊരു മാനസിക ഉല്ലാസമല്ല മറിച്ച് അത്മാവിന്റെ ആഴങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന അചഞ്ചലമായ സമാധാനവും സംതൃപ്തിയുമാണ്.

യേശുക്രിസ്തു സന്തോഷത്തിന്റ യഥാരത്ഥ ഉറവിടമാണ് (യോഹ:15:11) 'എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോട് സംസാരിച്ചിരിക്കുന്നു' എന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. ദൈവ സ്നേഹത്തിൽ നിലനിൽക്കുന്നതാണ് ഈ സന്തോഷത്തിന്റെ ആണിക്കല്ല്. പാപമോചനവും രക്ഷയും നൽകി നമ്മെ ദൈവത്തോട്. അടുപ്പിക്കുന്നതിലൂടെ ലഭിക്കുന്ന ദൈവിക സാന്നിധ്യമാണ് യേശുവിന്റെ സന്തോഷത്തിന്റെ അടിസ്ഥാനം. എന്നാൽ ലൗകിക സന്താഷം സാഹിചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നതാണ്. ധനം, വിജയം, അംഗികരം, എന്നിവ ലഭിക്കുമ്പോൾ സന്തോഷമുന്ന നാം പ്രതിസന്ധികളിൽ അത് നഷ്ടപ്പെടുന്നു. ദൈവം തരുന്ന സന്തോഷം ബാഹ്യമായ സാഹചര്യങ്ങളുടെ അടിമയല്ല. കഷ്ടപ്പാടുകളുടെ നടുവിലും ഹൃദയത്തിൽ സൂക്ഷിക്കാൻ കഴിക്കുന്ന ഒരു പ്രത്യേക അനുഗ്രഹമാണത്.

'ലോക തരുന്നത പോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത്' (യോഹ: 14:27).

എന്ന് യേശു വ്യക്തമാക്കുന്നത് ഈ അമൂല്യമായ നമുക്ക് തന്നിരിക്കുന്ന സമാധാനത്തെക്കുറിച്ചാണ്. യേശുവിന്റെ സന്തോഷം നമ്മളിൽ മാത്രം ഒരുങ്ങിനിൽക്കേണ്ട ഒന്നല്ല. അത് മറ്റുള്ളവരിലേക്ക് പകരപ്പെടെണ്ട വെളിച്ചമാണ്. ഒരു പുഞ്ചിരിയിലൂടെ ആശ്വാസ വാക്കുകളിലൂടെ, സനേഹത്തിന്റെ ചെറിയ പ്രവർത്തികളിലൂടെ മറ്റുള്ളവരുടെ വിഷമങ്ങൾ മാറ്റൻ കഴിയുമ്പോഴാണ് ആ സന്തോഷം പൂർണ്ണമാകുന്നത്. ജീവിതത്തിന്റെ ആശങ്കകൾ നമ്മെ തളർത്തുമ്പോൾ, യേശുവിന്റെ സന്നിധിയിലേക്ക് നമുക്ക് കണ്ണുയർത്താം ആ സന്തോഷം നമ്മുടെ ജീവിതയും, നിരാശകളെയും, കണ്ണുനീരും എല്ലാം തുടയ്ക്കുകയും ആശ്വാസ വജനങ്ങളാൽ നമ്മെ നിറയ്ക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സന്തോഷത്തിൽ അടിയുറച്ച് മുന്നോട്ട് പോകാൻ നമ്മെ ദൈവം സഹായിക്കട്ടെ .

എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരികൾ
പാസ്റ്റർ വി. ജെ. തോമസ്
പാസ്റ്റർ എം ഡി. സാമുവേൽ
പാസ്റ്റർ റോയ് ചെറിയാൻ
പാസ്റ്റർ ജോൺ വി. ജേക്കബ്
പാസ്റ്റർ പി. വി. ചെറിയാൻ

ചീഫ് എഡിറ്റർ
പാസ്റ്റർ സാം റ്റി. മുഖത്തല

റൈറ്റേഴ്സ് ഫോറം ലിറ്ററേച്ചർ സെക്രട്ടറി
പാസ്റ്റർ ടൈറ്റസ് ജോൺസൺ

മാനേജിംഗ് എഡിറ്റർ
പാസ്റ്റർ ജെ. പി. വെണ്ണിക്കുളം

എഡിറ്റർ
പാസ്റ്റർ ജോബിസ് ജോസ്

പബ്ലിഷർ
പാസ്റ്റർ അനീഷ് കൊല്ലംകോട്

സബ് എഡിറ്റേഴ്സ്
പാസ്റ്റർ ഏബ്രഹാം മന്ദമരുതി
പാസ്റ്റർ ബിജു ജോസഫ്
പാസ്റ്റർ കെ. ജെ. ജോബ്
പാസ്റ്റർ ബ്ലസ്സൻ ജോർജ്ജ്
പാസ്റ്റർ ഗോഡ്സൻ സി. സണ്ണി

Jobis freelanze GRAPHIC DESIGNER

(ചെറുകഥ)

എന്റെ പൂവ്



മനോജ് ഏബ്രഹാം
മാന്നി

പൂ... പറിക്കാൻ ഓടി ചെന്നപ്പോഴേക്കും, പൂവ് ആരോ പറിച്ചു കഴിഞ്ഞിരുന്നു. ചെടി പറഞ്ഞു നാളെ വാ പൂ തരാം എന്ന്. പിറ്റെദിവസം നേരത്തെ തന്നെ ചെന്നു. ചെടി പറഞ്ഞു ഒരു കൊച്ചുകുട്ടി വന്ന,എങ്ങനെയാ കൊടുക്കാതിരിക്കുന്നെ? അങ്ങനെ പല ദിവസങ്ങൾ കടന്ന് പോയി, ഒരു ദിവസം പൂവ് ഉണ്ടായിരുന്നു,പറിക്കാൻ ചെന്നപ്പോൾ ചെടി പറഞ്ഞു ആകെ ഒന്നല്ലേ ഉള്ളു, അത് പോയാൽ എന്നെ ക്കാണാൻ ഒരു ഭംഗിയും ഉണ്ടാവില്ല എന്ന്... വെറുതെ കുറെ മുള്ളു കൊണ്ടു.. കൈമുറിഞ്ഞു... അതിലേറെ മനസും... സാരമില്ല ചെടി സന്തോഷമായിരിക്കട്ടെ...പിന്നെ പൂ പറിക്കാൻ പോയില്ല. പലതവണ വിളിച്ചു ചോദിച്ചു.. ചിലപ്പോൾ ഒക്കെ ചെടി പ്രതികരിച്ചു.. വാട്ട്സ് ആപ്പിലും, ഫെയ്സ്ബുക്കിലും ഇൻസ്റ്റഗ്രാമിലുടെയും ഒക്കെ പുതിയ പുതിയ പൂക്കൾ ഉണ്ടായതിന്റെ ചിത്രങ്ങൾ കണ്ട് സന്തോഷിച്ചു. നല്ല ഒത്തിരി പൂക്കൾ ഉണ്ടായിട്ടും പോയി ചോദിച്ചില്ല, ഒത്തിരി ലൈക്ക് അടിച്ചിട്ടും ചെടിക്ക് വലിയ സന്തോഷം ഉള്ളതായി തോന്നിയില്ല.

ഒത്തിരികാലം പിന്നെയും കടന്നുപോയി. വസന്തവും ഗ്രീഷ്മവും ശൈത്യവും ഒന്ന് വന്ന് പോയി. അനേകം പൂക്കൾ ആ ചെടിയിൽ വിടർന്നു. ഒത്തിരിപ്പേർക്ക് അത് സന്തോഷം നല്കി. സൈബർ യുഗം ആയതിനാൽ ഞാനും ദുരത്തിരുന്നു കണ്ടു സന്തോഷിച്ചു... എന്നിട്ടും ഞാൻ പോയില്ല.. എനിക്കറിയാം ഞാൻ ചെടിക്ക് ഞാൻ ആരും അല്ലെന്ന്... ചെടിക്ക് പ്രിയപ്പെട്ടവർ അനേകർ ഉണ്ടാവും.

എങ്കിലും... ഞാൻ ഒരിക്കലും പറഞ്ഞില്ല പൂക്കൾ എനിക്ക് ഇഷ്ടമല്ലെന്ന്... കാരണം ഓരോ ചെടിയുടെയും പുഞ്ചിരിക്കുന്ന മുഖം ആണല്ലോ... പൂക്കൾ

സ്പന്ദനം
ശാരോൻ റൈറ്റേഴ്സ് ഫോറം പ്രസിദ്ധീകരണം
Sharon Writers' Forum,
Sharon Thiruvalla - 689101

ആത്മാർത്ഥതയുടെ അടയാളം



സജോ തോണിക്കുഴിയിൽ



രണ്ടു മാർഗ്ഗങ്ങളുടെ പ്രതീകങ്ങളാണ് കയീനും ഹാബേലും.

ഒന്ന് വ്യാജമായ മതഭക്തിയുടെയും രണ്ടാമത്തേത് യഥാർത്ഥ ആത്മീയതയുടെയും ,.

കയീനും ഹാബേലും ദൈവത്തെ സമീപിക്കുന്നതിനുള്ള വിശാല വഴിയും ഇടുങ്ങിയ വഴിയും ഇവരിൽ പ്രതീകാത്മവൽക്കരിക്കുന്നു. ദൈവത്തിന് ബാഹ്യമായ കാര്യങ്ങൾ അർപ്പിക്കുന്നവരുടെ ഒരു പ്രതിരൂപമാണ് കയീൻ, മറിച്ച് ഹാബേൽ ആട്ടിൻ കുട്ടിയെ കൊന്ന് യാഗപീഠത്തിൽ വച്ചപ്പോൾ, പ്രതീകാത്മകമായി അവനെ തന്നെ യാഗപീഠത്തിൽ അർപ്പിച്ചു. ദൈവത്തിനു സ്വീകാര്യവും നല്ല പ്രസാദവുമുള്ള യാഗവും അതുതന്നെയാണ് (റോമർ 12:1)

കയീന്റെ വഴിപാട് ദൈവം എന്തുകൊണ്ട് നിരസിച്ചു?

ആ യാഗം ദൈവം ആവശ്യപ്പെട്ടതല്ല അവന്റെ സ്വയതീരുമാനത്തിൽ നിന്നുളവായതാണ് .

ഒരു മൃഗയാഗം അർപ്പിക്കുക എന്ന ദൈവം നിശ്ചയിച്ച പദ്ധതി കൃത്യമായി പാലിക്കുന്നതിനുപകരം രക്തരഹിതമായ നിലത്തിലെ ഫലങ്ങൾ കൊണ്ട് അവന്റെ സ്വന്തം ഇഷ്ടപ്രകാരം ദൈവത്തിനൊരു യാഗം അർപ്പിക്കാൻ അവൻ പ്രേരിതനായി.

എന്നാൽ ഹാബെൽ മൃഗയാഗമായിരുന്നു ദൈവത്തിന് അർപ്പിച്ചത് (ഉൽപത്തി 4:2,3). 'രക്തം ചൊരിയാതെ പാപമോചനമില്ല' എന്ന് ബൈബിൾ പഠിപ്പിക്കുന്നു, കാരണം 'ആത്മാവിന് പാപപരിഹാരം നൽകുന്നത് രക്തമാണ്' (എബ്രായർ 9:22; ലേവ്യപുസ്തകം 17:11). ഹാബെലിന്റെ വഴിപാട് ഭാവി രക്ഷകന്റെ രക്തത്തിലുള്ള വിശ്വാസത്തിന്റെ പ്രകടനമായിരുന്നുവെന്നും (എബ്രായർ 11:4), കയീന്റെ 'പ്രവൃത്തികൾ തിന്മയും അവന്റെ സഹോദരന്റെ പ്രവർത്തി നീതിയും' (1 യോഹന്നാൻ 3:12) നിറഞ്ഞതായിരുന്നു എന്നും ബൈബിൾ പറയുന്നു.

ദൈവത്തിന്റെ ഇഷ്ടത്തെയും പദ്ധതികളെയും അനുസരണത്തിലൂടെ തിരിച്ചറിയുന്നതിലും, ദൈവത്തിന്റെ വ്യക്തമായഹിതം മനസ്സിലാക്കാതെ ദൈവത്തിന്റെ പ്രീതി നേടാൻ കഴിയില്ലെന്ന സത്യം തിരിച്ചറിയുന്നതിലും കയീൻ പൂർണ്ണമായി പരാജയപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ കയീന്റെ വഴിപാട് , സ്വന്തം പ്രയത്നത്താൽ രക്ഷ നേടാനുള്ള ഒരു ശ്രമമായിരുന്നു. പാപത്തോടുള്ള അനുതാപം പ്രകടിപ്പിക്കാത്ത ദൈവീക പദ്ധതിക്ക് വിപരീതമായി ഒരു ദാനം കയീൻ അർപ്പിച്ചു '

ഹൃദയത്തിൽ പാപത്തിന്റെ ദുഃഖമില്ലാതിരുന്ന അവന് ദൈവം തന്റെ വഴിപാട് സ്വീകരിക്കാതെ നിരസിച്ചു എന്ന് ശ്രദ്ധിച്ചപ്പോൾ ദൈവത്തിനെതിരായ കോപത്താൽ ജ്വലിക്കുകയും ദൈവഹിതത്തിന് സമർപ്പിച്ച് യാഗം അർപ്പിച്ച തന്റെ സഹോദരനോട് കടുത്ത നീരസം പ്രകടിപ്പിച്ച് ചതിവിൽ ക്കൊല്ലുകയും ചെയ്തു. ഒരുവിധത്തിലും തിരുത്തലിനു വഴങ്ങാത്ത അവന്റെ പെരുമാറ്റം അനുതാപമില്ലാത്ത ഒരു മികച്ച പാപിയെ പ്രതിഫലിപ്പിച്ചു.

എങ്കിലും യഹോവ കയീനോടു നീ കോപിക്കുന്നതു എന്തിന്നു? നിന്റെ മുഖം വാടുന്നതും എന്തു? നീ നന്മചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ?"എന്നുചോദിച്ചുകൊണ്ട് അവന് ഒരവസരം കൂടി കൊടുക്കുന്നുണ്ട് (ഉല്പത്തി 4:6, 7).

കയീന്റെ വഴിപാട് നിരസിച്ചത് കൊണ്ട് ദൈവം കയീനെ നിരസിച്ചു എന്നല്ല കരുണയിലും ക്ഷമയിലും ദൈവം കയീന് ഒരു അവസരം കൂടി നൽകാൻ തയ്യാറായിഎന്നതാണ് ഇതിനർത്ഥം. '

കയീന്റെ ഹൃദയം ദൈവത്തിനെതിരെ കൂടുതൽ കഠിനമാവുകയും അവൻ തന്റെ ദുഷിച്ച വഴികളിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്തു എന്നുള്ളതിന്റെ അടയാളമായിരുന്നു നിന്റെ അനുജൻ ഹാബേൽ എവിടെ എന്ന ദൈവത്തിന്റെ ചോദ്യത്തിനോട് അവന്റെ പേരിന്റെ അർത്ഥത്തെ അനുസ്മരിപ്പിക്കുന്ന 'കുന്തം' പോലെ വെറുപ്പ് നിറഞ്ഞ മനസ്സിനെ മുറിപ്പെടുത്തുന്ന അവന്റെ സംസാരം.

ഉള്ളിലെ കുറ്റബോധവും പകയും ഭയവുമാണ് വ്യക്തമായ ചോദ്യങ്ങളോട് കൃത്യമായും സത്യമായും പ്രതികരിക്കാതെ കോപവും ഭീഷണിയും നിറഞ്ഞ പുകമറയിൽ നിന്നുകൊണ്ട് സംസാരിക്കാൻ ഒരുവനെ പ്രേരിതമാക്കുന്നത്.

ഒരു ചോദ്യവും ചോദിക്കാതിരിക്കു ഒരു നുണയും കേൾക്കേണ്ടിവരില്ല മാത്രമല്ല ബന്ധങ്ങളും നഷ്ടപ്പെടില്ല.

അവരുടെ യാഗത്തിന്റെ ഗുണനിലവാരം അവരുടെ ഹൃദയത്തിന്റെ അവസ്ഥയെ പ്രതിഫലിപ്പിക്കുന്നു. ഹാബെൽ ദൈവത്തോടുള്ള സ്നേഹത്തിൽ ആവേശഭരിതനാണ്, അതുകൊണ്ടാണ് അവൻ 'ഉത്തമമായ യാഗം' അർപ്പിച്ചത് അതേസമയം കയീൻ എത്രത്തോളം ദൈവത്തെ സ്നേഹിച്ചിരുന്നുവെന്ന് പിന്നീടുള്ള അവന്റെ പ്രവർത്തിയിലും സംസാരത്തിലും വെളിപ്പെടുന്നുണ്ട്.

ഏതൊരു പ്രവർത്തിക്കുപിന്നിലും ഒരു ഹൃദയമുണ്ട്, ദൈവം പുറമേയുള്ളതിനെയല്ല നോക്കുന്നത് അവിടുന്ന് ഹൃദയത്തെയാണ് നോക്കുന്നത്.

കയീൻ എന്തിനാണ് ഹാബേലിനെ കൊന്നത്?

ദൈവത്തെ കൊല്ലാൻ കഴിയാത്തതിനാൽ ദൈവത്തെ പ്രസാദിപ്പിച്ചവനെ കയീൻ കൊന്നു എന്നുള്ളതാണ് അതിന്റെ ഒറ്റവാക്ക്. ദുർബലതയോടുള്ള കുറ്റബോധം നിയന്ത്രണത്തോടുള്ള വെറുപ്പ് നിർബന്ധത്താൽ ഉളവാക്കുന്ന കൃത്രിമ സ്നേഹം എന്നിവയിൽ നിന്നാണ് അനീതികരമായ കോപം ഉണ്ടാകുന്നത്. ഇന്നും ബുദ്ധിയില്ലാത്തവരായി ഒന്നും അറിയാത്തവരെപോലെ തങ്ങളെത്തന്നെ വഷളാക്കി കയീന്റെ വഴികളിൽ നടക്കുന്നവർ ഏറെയാണ് (യൂദ –11).

ഹാബേൽ യഹോവയെ സ്നേഹിച്ച് ശരിയായ കാര്യങ്ങൾ ചെയ്ത് അനുഗ്രഹിതനായതുപോലെ, ദൈവപദ്ധതിയും ദൈവം നൽകിയ അവസരവും മനസ്സിലാക്കി അഹങ്കാരമില്ലാതെ സ്നേഹത്തിനും അനുസരണത്തിനും വഴങ്ങി നന്മ ചെയ്യുകയും, പാപത്തെ കീഴടക്കുകയും, ഹാബേൽ എവിടെ എന്ന ദൈവത്തിന്റെ ചോദ്യത്തിന് മുന്നിൽ അനുതാപത്തോടെ ചെയ്ത പാപം ഏറ്റുപറയുകയും ചെയ്തിരുന്നുവെങ്കിൽ കയീന്റെ കാര്യങ്ങളും എത്ര വ്യത്യസ്തവും അനുഗ്രഹവും സന്തോഷവുമാകുമായിരുന്നു.?

ദൈവസ്നേഹത്തിൽ നിന്നുള്ള പിമാറ്റത്തിലും ഉത്തരവാദിത്വബോധത്തിൽനിന്നുള്ള ഒളിച്ചോട്ടത്തിലും കാലം പോക്കുന്നവരുടെ മടങ്ങിവരവിനുള്ള കാത്തിരിപ്പിലാണ് ഇന്നും സ്നേഹവാനായ ദൈവം. ആ സ്നേഹത്തിന്റെ ഒരടയാളം അവരിൽ ഇന്നും ശേഷിക്കുന്നു എന്നത് മടങ്ങിവരവിനുള്ള ഒരവസരമായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്പന്ദനം
ശാരോൻ റൈറ്റേഴ്സ് ഫോറം പ്രസിദ്ധീകരണം
Sharon Writers' Forum,
Sharon Thiruvalla - 689101

ദൈവികവിളിയെ തകർക്കുന്ന മാമോൻ



മോൻസി ഏബ്രഹാം

'നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല' (മത്തായി 6:24).

ക്രിസ്തീയ ശുശ്രൂഷ എന്നത് ദൈവവചനം പ്രസംഗിക്കുന്നതിലും ആത്മീയമായ അറിവ് പകരുന്നതിലും മാത്രം ഒതുങ്ങുന്നതല്ല; ദൈവജനത്തെ വിശുദ്ധിയിൽ വളർത്തുകയും നഷ്ടപ്പെട്ടവരെ ക്രിസ്തുവിലേക്കു നയിക്കുകയും ദൈവനാമം മഹത്വപ്പെടുത്തുകയും ചെയ്യുന്ന വിശുദ്ധമായ ഉത്തരവാദിത്വമാണത്. എന്നാൽ സമകാലിക ആത്മീയലോകം ഗൗരവത്തോടെ വിചിന്തനം ചെയ്യേണ്ട വിഷയമാണ് വചനശുശ്രൂഷയ്ക്കുള്ളിലെ മാമോന്റെ സ്വാധീനം. മാമോൻ എന്നത് കേവലം പണത്തിന്റെയോ സമ്പത്തിന്റെയോ പ്രതീകമല്ല; ദൈവത്തേക്കാൾ ഉപരിയായി സമ്പത്തിന് ഹൃദയത്തിൽ സ്ഥാനം ലഭിക്കുകയും അത് മനുഷ്യന്റെ ലക്ഷ്യങ്ങളെയും തീരുമാനങ്ങളെയും നിയന്ത്രിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. "രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല" എന്ന കർത്താവിന്റെ വചനം ശുശ്രൂഷയുടെ ആത്മീയ അടിത്തറയെക്കുറിച്ചുള്ള ഗൗരവമേറിയ മുന്നറിയിപ്പാണ്. ദൈവത്തെ പ്രസാദിപ്പിക്കുകയാണോ, അതോ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി ശുശ്രൂഷയെ ഉപയോഗിക്കുകയാണോ എന്ന ആത്മപരിശോധന ഓരോ ശുശ്രൂഷകന്റെയും ജീവിതത്തിൽ അനിവാര്യമാണ്.

ദൈവവിളിയുടെ മഹത്വം സാമ്പത്തിക നേട്ടങ്ങളുടെ അളവുകോലിൽ വിലയിരുത്തപ്പെടുമ്പോൾ ശുശ്രൂഷയുടെ യഥാർത്ഥ ലക്ഷ്യം മങ്ങിപ്പോകുന്നു. എവിടെ കൂടുതൽ പ്രതിഫലം ലഭിക്കും, എവിടെ കൂടുതൽ അംഗീകാരവും സ്ഥാനമാനങ്ങളും നേടാം എന്ന ചിന്തകൾ ശുശ്രൂഷയുടെ ഗതിയെ നിയന്ത്രിക്കാൻ തുടങ്ങുമ്പോൾ ദൈവവിളി വ്യക്തിതാൽപര്യങ്ങൾക്ക് കീഴടങ്ങുന്ന അപകടകരമായ അവസ്ഥ സംജാതമാകുന്നു. ശുശ്രൂഷയുടെ വേദികൾ ദൈവനാമം മഹത്വപ്പെടുത്തുന്നതിനുപകരം വ്യക്തിപ്രശസ്തിയുടെ വേദികളായി മാറുകയും ദൈവിക നിയോഗം ലാഭേച്ഛയുടെ ഉപാധിയാകുകയും ചെയ്യുന്നത് ആത്മീയമായി ഗൗരവമുള്ള വീഴ്ചയാണ്. അതുകൊണ്ടാണ് പത്രോസ് അപ്പൊസ്തലൻ, "ദ്രവ്യാഗ്രഹത്തോടെയല്ല, മനസ്സോടെ" ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നത് (1 പത്രോസ് 5:2). സാമ്പത്തിക നേട്ടത്തിനുവേണ്ടി വചനത്തിന്റെ സത്യങ്ങൾക്കു മങ്ങലേൽപ്പിക്കുകയും ജനങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് മാത്രം പ്രസംഗിക്കുകയും ചെയ്യുമ്പോൾ പാപം, മാനസാന്തരം, വിശുദ്ധി, നീതി തുടങ്ങിയ അടിസ്ഥാന സത്യങ്ങൾ അവഗണിക്കപ്പെടാൻ സാധ്യതയുണ്ട്. ജനപ്രീതിയെക്കാൾ ദൈവവചനത്തോടുള്ള വിശ്വസ്തതയ്ക്ക് പ്രാധാന്യം നൽകുന്നതാണ് യഥാർത്ഥ വചനശുശ്രൂഷയുടെ അടയാളം.

അതേസമയം, ശുശ്രൂഷകർക്ക് ന്യായമായ സാമ്പത്തിക പിന്തുണ ലഭിക്കുന്നതിനെ മാമോന്റെ സ്വാധീനമായി ചിത്രീകരിക്കുന്നത് തിരുവചനത്തിന്റെ സന്തുലിതമായ ഉപദേശത്തിന് വിരുദ്ധമാണ്. ശുശ്രൂഷകർക്കും കുടുംബത്തിനും ജീവിതാവശ്യങ്ങളുണ്ട്; അവരുടെ അധ്വാനത്തെ മാനിക്കുകയും സഭയുടെ ഉത്തരവാദിത്വത്തിന്റെ ഭാഗമായി സാമ്പത്തികമായി പിന്തുണയ്ക്കുകയും ചെയ്യുന്നത് വചനാടിസ്ഥാനമുള്ള കാര്യമാണ്. "സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവനം കഴിക്കേണം" എന്ന് കർത്താവ് കല്പിച്ചിരിക്കുന്നതായി 1 കൊരിന്ത്യർ 9:14 വ്യക്തമാക്കുന്നു. അതിനാൽ പ്രശ്നം ശുശ്രൂഷകൻ പ്രതിഫലം സ്വീകരിക്കുന്നതിലല്ല, മറിച്ച് പണം ശുശ്രൂഷയുടെ ലക്ഷ്യത്തെയും ഹൃദയത്തിന്റെ വിശ്വസ്തതയെയും നിയന്ത്രിക്കുന്നതിലാണ്. സഭയുടെ സാമ്പത്തിക സ്രോതസ്സുകൾ വിശുദ്ധമായ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യപ്പെടണം; സുതാര്യതയും സത്യസന്ധതയും ഉത്തരവാദിത്വബോധവും അതിൽ അനിവാര്യമാണ്. ദൈവജനത്തിന്റെ സമർപ്പണങ്ങളെ വ്യക്തിപരമായ നേട്ടങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നത് ശുശ്രൂഷയുടെ വിശുദ്ധിക്ക് കളങ്കമാണ്.

ശുശ്രൂഷയുടെ യഥാർത്ഥ മാതൃക യേശുക്രിസ്തുവാണ്. മനുഷ്യരുടെ ആത്മീയവും ശാരീരികവുമായ ആവശ്യങ്ങളോടുള്ള കരുണയും പിതാവിന്റെ ഇഷ്ടം നിറവേറ്റാനുള്ള സമ്പൂർണ സമർപ്പണവുമായിരുന്നു അവിടുത്തെ ജീവിതത്തിന്റെ കേന്ദ്രം; സമ്പത്തോ സ്ഥാനമാനങ്ങളോ ആയിരുന്നില്ല. അതിനാൽ ക്രിസ്തുവിന്റെ ശുശ്രൂഷാമാതൃക പിന്തുടരുന്നവർ അധികാരത്തിനും അംഗീകാരത്തിനും ഭൗതികനേട്ടങ്ങൾക്കും ഉപരിയായി ആത്മാക്കളുടെ രക്ഷയ്ക്കും ദൈവഹിതത്തിന്റെ പൂർത്തീകരണത്തിനും പ്രാധാന്യം നൽകണം. സഭയുടെ വളർച്ചയെ സാമ്പത്തിക സമൃദ്ധികൊണ്ടോ ജനക്കൂട്ടത്തിന്റെ വലുപ്പംകൊണ്ടോ മാത്രം അളക്കാനാവില്ല. ദൈവവചനത്തോടുള്ള അനുസരണം, വിശുദ്ധജീവിതം, സഹോദരസ്നേഹം, കരുണ, ത്യാഗമനോഭാവം എന്നിവയും ആത്മീയ വളർച്ചയുടെ അനിവാര്യമായ അടയാളങ്ങളാണ്. സമ്പത്ത് ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തേണ്ട ഒരു ഉപാധിയാണ്; അത് ഒരിക്കലും ശുശ്രൂഷയുടെ ദിശ നിർണയിക്കുന്ന യജമാനനായി മാറരുത്.

വചനശുശ്രൂഷയുടെ ശക്തി സാമ്പത്തിക സമൃദ്ധിയിലല്ല, ദൈവവചനത്തോടുള്ള വിശ്വസ്തതയിലും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലും ക്രിസ്തുവിനോടുള്ള സമർപ്പണത്തിലുമാണ് നിലകൊള്ളുന്നത്. മാമോൻ ഹൃദയത്തെ ഭരിക്കുമ്പോൾ ശുശ്രൂഷ സ്വാർത്ഥതയിലേക്കും ആത്മീയ മൂല്യങ്ങളുടെ തകർച്ചയിലേക്കും വഴുതിവീഴും; എന്നാൽ ക്രിസ്തു ഹൃദയത്തിന്റെ കേന്ദ്രത്തിൽ വാഴുമ്പോൾ സമ്പത്ത് ദൈവഹിതത്തിന്റെ നിർവഹണത്തിനുള്ള ഉപകരണമായി നിലകൊള്ളും. അതുകൊണ്ട് ഓരോ ശുശ്രൂഷകനും സ്വന്തം ഹൃദയത്തോട് ചോദിക്കേണ്ടതുണ്ട്: എന്റെ ശുശ്രൂഷയുടെ പ്രേരണ ദൈവത്തോടുള്ള സ്നേഹമാണോ, അതോ ഭൗതികനേട്ടങ്ങളോടുള്ള ആഗ്രഹമാണോ? വേദികളും വരുമാനവും അംഗീകാരവും വർധിക്കുന്നതിനേക്കാൾ ദൈവസന്നിധിയിൽ വിശ്വസ്തരായി നിലകൊള്ളുന്നതാണ് ശുശ്രൂഷയുടെ യഥാർത്ഥ വിജയം. മാമോന്റെ മുമ്പിൽ മുട്ടുകുത്തുന്ന ശുശ്രൂഷയ്ക്ക് ആത്മീയ അധികാരം നഷ്ടപ്പെടും; ക്രിസ്തുവിന്റെ മുമ്പിൽ ഹൃദയം സമർപ്പിക്കുന്ന ശുശ്രൂഷ ദൈവനാമത്തെ മഹത്വപ്പെടുത്തും.

(കവിത)

നാഥന്റെ കരം

അലയടിച്ചുയരും വൻ തിരമാലകൾ
ജീവിതതോണിയിൽ വന്നീടുമ്പോൾ
താണു പോയന്ന് എല്ലാവരും ചോല്ലി
തകരാതെ നാഥൻ താങ്ങി എന്നെ

ആഴിയിൻ ആഴത്തിൽ ഞാൻ താഴുമ്പോൾ
എൻകരം പിടിച്ച് ഉയർത്തുന്നവൻ
മാനവർ എല്ലാരും മാറിടിലും
നാഥൻ കരത്തിൽ ഉയർത്തീടും


കൂടെയുണ്ട് നാഥൻ കൂടെയുണ്ട്
താങ്ങും കരം കൂടെയുണ്ട്
ഒരു നാളിലും തകർന്നീടുവാൻ
എൻ രക്ഷകൻ വീടുകയില്ല



ലിന്നു ലിജോ

കൂട്ടുകാരെ തിരഞ്ഞെടുക്കുമ്പോൾ...

ജെ പി വെണ്ണിക്കുളം



'വക്രഹൃദയം എന്നോടു അകന്നിരിക്കും; ദുഷ്ടതയെ ഞാൻ അറികയില്ല. കൂട്ടുകാരനെക്കുറിച്ചു ഏഷണി പറയുന്നവനെ ഞാൻ നശിപ്പിക്കും; ഉന്നതഭാവവും നിഗളഹൃദയവും ഉള്ളവനെ ഞാൻ സഹായിക്കയില്ല' (സങ്കീർത്തനങ്ങൾ 101:4,5).

കൂട്ടുകാരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്. വക്രഹൃദയമുള്ളവരുമായി കൂട്ട് കൂടരുത്, അങ്ങനെയായാൽ അവരെപ്പോലെ ആകാൻ സാധ്യതയുണ്ട്. സൽസ്വഭാവമുള്ള കൂട്ടുകാരെ കണ്ടെത്തുക. അത് സ്വഭാവ രൂപീകരണത്തിന് ഏറെ സഹായകമാകും. ഒരിക്കൽ ഗാന്ധിജി ഇങ്ങനെ പറഞ്ഞു, 'താങ്കളുടെ സുഹൃത്ത് ആരാണെന്ന് പറഞ്ഞാൽ താങ്കളുടെ സ്വഭാവം എന്താണെന്ന് ഞാൻ പറയാം'. ഏഷണിക്കാർ ആണ് സുഹൃത്തുക്കളെങ്കിൽ അവർ മൂന്ന് പേർക്ക് ഒരുപോലെ ദോഷം ചെയ്യും. ഒന്ന്, അത് പറയുന്നവനും രണ്ട്, അത് കേൾക്കുന്നവനും മൂന്ന്, ആരെക്കുറിച്ച് പറയുന്നുവോ അവർക്കും കൂടെ പഠിക്കുന്നവരും ജോലി ചെയ്യുന്നവരും എത്തരത്തിലുള്ളവർ എന്ന് ശ്രദ്ധിക്കുക. അവർ നിഷ്കളങ്കരും വിശ്വസ്തരുമെങ്കിൽ ദോഷങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കാനാകും. ചിലർ ഉപകാരികളായിരിക്കും. എന്നാൽ മറ്റുചിലർ നശീകരണ സ്വഭാവക്കാരായിരിക്കും. സത്യത്തോടും നീതിയോടും ചേർന്നുനിൽക്ക. എന്നാൽ വഞ്ചനക്കാരെ ഒഴിവാക്കുക. ആരുമായി ബന്ധം സ്ഥാപിക്കുന്നുവോ അവർ എങ്ങനെയുള്ളവർ എന്ന് മനസിലാക്കാനുള്ള വിവേകം നേടിയെടുക്കണം. പിന്നീട് ദുഖിച്ചിട്ടു കാര്യമില്ലല്ലോ.